പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1544

05-02-2019-ൽ മറുപടിക്ക്

## വയനാട് ജില്ലയിലെ കാർഷിക വായ്പ

**ചോദ്യം**

ശ്രീ. സി.കെ. ശശീന്ദ്രൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രളയ പുനർനിർമ്മിതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നത് പ്രോത്സാഹിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) യും (ബി) യും | സ്വീകരിച്ചിട്ടുണ്ട്. പ്രളയ ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവനമാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന വായ്പാ പദ്ധതി നടപ്പിലാക്കുന്നതോടെ (വയനാട് ജില്ലയിലെ പ്രളയ ബാധിതരായ കർഷകർ ഉൾപ്പെടെ) കർഷകർക്ക് ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നും, സഹകരണ ബാങ്കുകളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് സർക്കാർ ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>ഉജ്ജീവന വായ്പാ പദ്ധതിയിലൂടെ താഴെ പറയും പ്രകാരം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>1. ദുരന്ത ബാധിതർക്ക്, അവർ ജീവനോപാധി പുനരാരംഭിക്കുന്നതിനായി എടുക്കുന്ന ടേം ലോണിന്റെ മാർജിൻ മണിയായി 2 ലക്ഷം രൂപയോ, വായ്പയുടെ 25 ശതമാനമോ, ഏതാണോ കുറവ് ആ തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>2.ദുരന്ത ബാധിതരിൽ ജീവനോപാധി പുനരാരംഭത്തിനായി പ്രവർത്തനമൂലധനം (വർക്കിംഗ് ക്യാപ്പിറ്റൽ) മാത്രം എടുക്കുന്നവർക്ക്, അവരുടെ താല്പര്യം അനുസരിച്ച് എടുക്കുന്ന വായ്പ തുകയിൽ 10 ലക്ഷം രൂപ വരേയ്ക്കും, മാർജിൻ മണിക്കു പകരം ഒരു വർഷത്തേയ്ക്ക് 9 % നിരക്കിൽ താങ്ങ് പലിശ (interest subvention) സർക്കാർ ബാങ്കുകൾ നൽകുന്നതാണ്. ഉജ്ജീവന വായ്പാ പദ്ധതി അനുവദിച്ച സർക്കാർ ഉത്തരവിനു മുൻപായി 2018 ലെ പ്രളയ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള ദുരന്ത ബാധിതർക്കും അവർ എടുത്ത വായ്പയിൽ 10 ലക്ഷം രൂപ വരേയ്ക്കും, ഒരു വർഷത്തേയ്ക്ക് 9 % നിരക്കിൽ താങ്ങ് പലിശ |
| (ബി) | ഇതിന്റെ ഭാഗമായി ജില്ലയിലെ ബാങ്കുകൾ, പ്രളയത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട കർഷകരുടെ കടങ്ങൾ ഇളവുചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.<br>3. ദുരന്ത പ്രതികരണനിധിയിൽ നിന്നും മാനദണ്ഡപ്രകാരം 2018 ലെ പ്രളയത്തിൽ നഷ്ടപ്പെട്ടതിന് സഹായം ലഭിച്ച കിസാൻ കാർഡ് ഉള്ള കൃഷി വായ്പ (ക്രോപ്പ് ലോൺ) കൃത്യമായി തിരിച്ചടയ്ക്കുന്ന കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും പദ്ധതി വഴി 4 % താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. ഉജ്ജീവന വായ്പാ പദ്ധതി അനുവദിച്ച സർക്കാർ ഉത്തരവിനു മുൻപായി 2018 ലെ പ്രളയ നഷ്ടത്തിന് കൃഷി വായ്പ (ക്രോപ്പ് ലോൺ) എടുത്തിട്ടുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉടമകൾക്കും ഈ സഹായം ലഭ്യമാണ്.<br>2018 ആഗസ്റ്റ് 20-നു കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ ചർച്ച ചെയ്തു അംഗീകരിക്കുകയും, ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കാർഷിക വായ്പകൾക്ക് മോറട്ടോറിയം കൂടാതെ വായ്പകളുടെ പുനക്രമീകരണം അധിക വായ്പ എന്നിവയും ഈ നടപടികളുടെ ഭാഗമാണെന്ന് എസ്.എൽ.ബി.സി കൺവീനർ അറിയിച്ചിട്ടുണ്ട്.<br>പ്രളയ പുനർനിർമ്മിതിയുടെ ഭാഗമായി വയനാട് ജില്ലയിലെ കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നത് പ്രോത്സാഹിപ്പിക്കാൻ സഹകരണ വകുപ്പ് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിലും സഹകരണ മേഖലയിലെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള കടങ്ങൾ വിവിധ ഇളവുകളോടെ തീർപ്പാക്കുന്നതിനായി സംസ്ഥാനത്ത് നവകേരളീയം കുടിശ്ശിക നിവാരണം 2019 പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മുൻവർഷത്തെ അപേക്ഷിച്ച് പ്രളയാനന്തര കാർഷിക വായ്പ അനുവദിക്കുന്നതിന്റെ തോത് കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ഇല്ല. ഉജ്ജീവന വായ്പാ പദ്ധതി നടപ്പിൽ വരുന്നതോടെ കാർഷിക വായ്പ തോത് വർദ്ധിക്കാനാണ് സാദ്ധ്യത. |

സെക്ഷൻ ഓഫീസർ